## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

## കെ.എ.പി. ബറ്റാലിയൻ-5 ലെ സിവിൽ പോലീസ് ഓഫീസറുടെ ഒഴിവുകൾ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1740. 10/03/2020-ൽ മറുപടിക്ക്**

**ചോദ്യം** — **ശ്രീ.സി.മമ്മൂട്ടി**

**മറുപടി** — **പിണറായി വിജയൻ (മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | കേരള ആംഡ് പോലീസ് ബറ്റാലിയൻ-5 ൽ സിവിൽ പോലീസ് ഓഫീസറുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത്; ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇനി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (എ) | കെ.എ.പി. 5-ാം ബറ്റാലിയനിൽ സിവിൽ പോലീസ് ഓഫീസർ തസ്തിക നിലവിലില്ല. എന്നാൽ ആംഡ് പോലീസ് ബറ്റാലിയൻ പോലീസ് കോൺസ്റ്റബിൾ തസ്തികയിലെ റിക്രൂട്ട്മെന്റ് സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>2021 ഡിസംബർ 31 വരെ വിരമിക്കൽ/ ഡെപ്യൂട്ടേഷൻ/പ്രൊമോഷൻ എന്നിവമൂലം ഉണ്ടാകാൻ ഇടയുള്ള ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി സർക്കാരിൽ നിന്നും തുടർ അനുമതി ലഭിക്കേണ്ടുന്ന 1200 temporary training തസ്തികകൾക്കും, instructional staff തസ്തികകൾക്കും ആനുപാതികമായി റിക്രൂട്ട് ചെയ്യുന്നതിന് യഥാസമയം നടപടി സ്വീകരിച്ചിട്ടുണ്ട്. മുൻ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരും, നിലവിലെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരുമായ ഉദ്യോഗാർത്ഥികൾ തമ്മിൽ നിലവിലെ ഒഴിവുകളിൽ അവകാശവാദം ഉന്നയിച്ച് കേസ് ഫയൽ ചെയ്തിട്ടുള്ളതിനാൽ ഈ വിഷയം ഇപ്പോൾ ബഹു.കോടതിയുടെ പരിഗണനയിലാണ്. കെ.എ.പി. 5-ാം ബറ്റാലിയനിൽ പൊതുവിഭാഗത്തിൽ 268 ഒഴിവുകൾ കേരളാ പി.എസ്.സി.യുടെ ഇടുക്കി ജില്ലാ ഓഫീസിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ടും യഥാസമയം ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതിന് കാരണമെന്താണ്; ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്തതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും | | |

| | | | |
|---|---|---|---|
| | ഏതെങ്കിലും തരത്തിലുള്ള വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കുമോ; | (ബി) & (സി) | ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് കാലതാമസം കൂടാതെ അവ കേരളാ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തു വരുന്നു. |
| (സി) | ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്തതുമൂലം ഉദ്യോഗാർത്ഥികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ; | | |
| (ഡി) | ഈ ബറ്റാലിയനിൽ സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ 31.12.2020 വരെ പ്രതീക്ഷിക്കുന്ന ഒഴിവുകൾ എത്രയാണ്; ഒഴിവുകൾ ഉണ്ടാകുന്ന തീയതി തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ? | (ഡി) | 31.12.2021 വരെ പ്രൊമോഷൻ, റിട്ടയർമെന്റ് എന്നിവ വഴിയുണ്ടാകുന്ന ഒഴിവുകൾ കണക്കാക്കിയാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ